# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6807 | 13.07.2012-ൽ മറുപടിക്ക്

## സ്വകാര്യ ലാബുകളുടെ പരിശോധനാ നിരക്ക് പ്രദർശിപ്പിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ദിവാകരൻ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ ലാബുകളുടെ പ്രവർത്തനവും ഗുണനിലവാരവും നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; | (എ) സംസ്ഥാനത്ത് സ്വകാര്യ ലാബുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിലേക്കായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ തയ്യാറാക്കി നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് വിട്ടിരിക്കുകയാണ്. ടി വകുപ്പിന്റെ ഉപദേശം കിട്ടുന്ന മുറയ്ക്ക് ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| (ബി) സ്വകാര്യ ലാബുകളുടെ പരിശോധനാ നിരക്ക് പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) മുകളിൽ പരാമർശിച്ചിരിക്കുന്ന ബിൽ നിലവിൽ വരുന്നതോടെ സ്വകാര്യ ലാബുകളുടെ പരിശോധനാ നിരക്ക് പ്രദർശിപ്പിക്കുന്നതിനുള്ള സംവിധാനം കൂടി നിലവിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ